# പാഠം 10

നന്മ, പുണ്യം തുടങ്ങിയ വാക്കുകൾ ഉപയോഗിക്കുന്നവരും അതിന്റെ സാരംശം ഉൾക്കൊള്ളുന്നവരുമാകുന്ന നാം. മിക്കപ്പോഴും ഇതേ വാക്കുകളാണ് നാം ഉപയോഗിക്കാറുള്ളത്. അറബിയിൽ **ഖൈർ** എന്നു പറയുന്നു. ഖൈർ എന്നാൽ പുണ്യം, നല്ലത്, നന്മ എന്നൊക്കെയാണർഥം ഈ അർഥങ്ങൾ മനസ്സിലാക്കി നാം ചെയ്യുന്ന നല്ല കാര്യങ്ങളൊക്കെ ഖൈർ ആണ് എന്ന് വിശ്വസിച്ചും ആ വാക്ക് ഹൃദിസ്ഥമാക്കിയും ഖൈർ എന്ന പദത്തെ എഴുതി ശീലിക്കുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)

| | | | | |
|---|---|---|---|---|
| خَيْر | ഖൈർ خَ يْ رْ | رْ | يْ | خَ |
| എഴുതുന്ന രൂപം | **നല്ലത്** | **ർ** | **യ്** | **ഖ** |

ഈ വാക്ക് പല ആവർത്തി പറയുകയും എഴുതുകയും ചെയ്യുക. കാണാതെ എഴുതാൻ ശീലിക്കുക.
**നിയമം:** കാർക്കിച്ചെടുക്കുന്നതു പോലെയാണ് ഖ എന്ന അക്ഷരത്തിന്റെ ഉച്ചാരണം. ഖയ്ർ എന്നല്ല ഖൈർ എന്ന് ഉച്ചരിച്ചാൽ മതി.

---

കള്ള് നമ്മുടെ സ്ഥിരം ഉപയോഗപദമായിട്ടുണ്ട്. കള്ളിന്റെ ഉപയോഗം തന്നെയാണതിന് കാരണം. അതില്ലാത്ത രാജ്യവും നാടുമില്ല. അതിനനുസരിച്ച നാമങ്ങളും അതിനുണ്ടാകും. അറബിയിൽ അതിന് **ഖംർ** എന്നു പറയുന്നു. ഖംർ എന്നാൽ കള്ള് എന്നർഥം. ഇത് നന്നായി പഠിച്ച ശേഷം എഴുതുക.



| | | | | |
|---|---|---|---|---|
| خَمْر | ഖംർ خَ مْ رْ | رْ | مْ | خَ |
| എഴുതുന്ന രൂപം | **കള്ള്** | **ർ** | **മ്** | **ഖ** |

ഈ വാക്ക് പലതവണ എഴുതുക. കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

**നിയമം:** ഖ മ് ർ എന്നതിലെ മ് തനിച്ചു പറയുന്നതുപോലെയല്ല കൂട്ടി ഉച്ചരിക്കുമ്പോൾ പറയേണ്ടത്. ഖംറ് എന്നാണ് കൂട്ടിയുള്ള ഉച്ചാരണം.

---

ബക്കറ്റ് എന്ന വാക്കിന്റെ മലയാളം പുതിയ തലമുറക്ക് അറിയണമെന്നില്ല. എന്നാലും ബക്കറ്റ് എന്ന വാക്ക് സർവസാധാരണമായിരിക്കുന്നു. ഇതിന് അറബിയിൽ **ദൽവ്** എന്നു പറയുന്നു. ദൽവ് എന്നാൽ ബക്കറ്റ് എന്നർഥം. ഈ വക്ക് മനസ്സിലുറച്ചാൽ എഴുതാൻ ശീലിക്കുക.



| | | | | |
|---|---|---|---|---|
| دَلْو | ദൽവ് دَ لْ و | و | لْ | دَ |
| എഴുതുന്ന രൂപം | **ബക്കറ്റ്** | **വ്** | **ൽ** | **ദ** |

കാണാതെ എഴുതാൻ ശീലമായാൽ അടുത്ത വാക്ക് പഠിക്കുക.

---

നോട്ട്ബുക്കിനും അധികമാരും മലയാളം പറയാറില്ല. അങ്ങനെ പറഞ്ഞാലെ മനസ്സിലാകൂ. അറബിയിലാകട്ടെ സ്വന്തമായ വാക്കാണുപയോഗിക്കുക. **ദഫ്തർ** എന്നാണ് അറബിയിൽ അതിന് പറയുന്നത്. ദഫ്തർ എന്നാൽ നോട്ട്ബുക്ക്. ഇത് നന്നായി പഠിച്ച ശേഷം എഴുതി ശീലിക്കുക.



| | | | | | |
|---|---|---|---|---|---|
| دَفْتَر | دَ فْ تَ ر ദഫ്തർ | رْ | تَ | فْ | دَ |
| എഴുതുന്ന രൂപം | **നോട്ട്ബുക്ക്** | **ർ** | **ത** | **ഫ്** | **ദ** |

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| **ഖൈർ** | خيْر | خَ يْ ر |
| **ഖംർ** | خَمْر | خَ مْ رْ |
| **ദൽവ്** | دَلْو | دَ لْ وْ |
| **ദഫ്തർ** | دَفْتَر | دَ فْ تَ رْ |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:



പരിശീലനം:
താഴെ പറയുന്ന മലയാള വാക്കുകൾ അറബിയിൽ എഴുതുക:

ഖമീർ
വലദ്
ഖൈൽ
ലിതർ
ഖൗഫ്